(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും അവരുടെ കുട്ടികൾക്കും വകുപ്പിലെ ഏതെങ്കിലും സ്ഥാപനത്തിൽ/അനാഥമന്ദിരത്തിൽ കഴിയുന്നെങ്കിൽ ഇരുകൂട്ടർക്കും ഒരുമിച്ച് കഴിയുന്നതിന് വീട് ഉണ്ടാക്കിക്കൊടുക്കുന്നതിനോ, ചെറിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയും, ക്ഷേമ സ്ഥാപനങ്ങളിൽ നിന്ന് വിവാഹം കഴിഞ്ഞ് പോകുന്ന പെൺകുട്ടികളുടെ ജീവിതമാർഗ്ഗത്തിന് വേണ്ടിയും, വയോജനങ്ങളുടെ ആരോഗ്യ സുരക്ഷിതത്വ പരിപാടി ഉൾപ്പെടെ കുടുംബശ്രീ തെരഞ്ഞെടുത്തിട്ടുള്ള അഗതി കുടുംബങ്ങൾക്കും, അവരുടെ ആവശ്യകതയ്ക്ക് അനുസൃതമായി കുടുംബശ്രീ മറ്റ് ഇതര ഏജൻസികൾ എന്നിവർ നൽകുന്ന ധനസഹായത്തിന് പുറമേ വേണ്ടിവരുന്ന തുകയിൽ 10,000 രൂപ വരെ കുടുംബം ഒന്നിന് നിജപ്പെടുത്തി നല്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(സി) 2002-03 വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിലാണ് ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത്. പ്രസ്തുത വർഷം 25 കോടി രൂപയും 2004-05 വർഷത്തിൽ 40 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിന്ന് തുകയൊന്നും നാളിതുവരെ ചെലവഴിച്ചിട്ടില്ല.

(ഡി ആന്റ് ഇ) പദ്ധതി അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതോടെ സർക്കാർ ഉദ്ദേശിച്ച തരത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ട്രെയിനിംഗ് സെന്ററിലെ സൗകര്യങ്ങൾ

31 [2803] ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വേണ്ടി സംസ്ഥാനത്ത് എത്ര ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്;

(ബി) ഇവയിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നത് എത്ര എന്നും സർക്കാർ ഗ്രാന്റോടുകൂടി നടത്തപ്പെടുന്നത് എത്ര എന്നും വ്യക്തമാക്കാമോ;

(സി) സർക്കാർ ഗ്രാന്റോടുകൂടി പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന ട്രെയിനിംഗ് സെന്ററുകളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങളുണ്ടോ എന്നും അവിടെ ആവശ്യത്തിനുള്ള സാനിട്ടറി സൗകര്യങ്ങൾ ഉണ്ടോ എന്നും പരിശോധന നടത്താറുണ്ടോ എന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23 എണ്ണം.

(ബി) 8 എണ്ണം കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ള ട്രെയിനിംഗ് സെന്ററുകൾ സന്നദ്ധ സംഘടനകൾ നടത്തുന്നവയാണ്.

(സി) പ്രവർത്തനം വിലയിരുത്താറുണ്ട്.

(ഡി) ട്രെയിനിംഗ് സെന്ററുകൾക്കായി തെരഞ്ഞെടുക്കപ്പെടുന്ന കെട്ടിടത്തിൽ ട്രെയിനിംഗിനായി എത്തുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് താമസിച്ച് പരിശീലനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചതിനു ശേഷമാണ് പ്രസ്തുത കെട്ടിടത്തിൽ ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കാൻ അനുവദിക്കുന്നത്.

സാമൂഹ്യക്ഷേമ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക

32 [2804] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപ ലക്ഷ്യം കൈവരിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം ഗ്രാന്റ് കൈപ്പറ്റുന്ന എത്ര സ്ഥാപനങ്ങളും ഏജൻസികളും വ്യക്തികളും ഉണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ;

(ഡി) ഇതിൽ ഓരോ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും 2003-04 വർഷത്തിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ലക്ഷ്യം കൈവരിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly